# കോളേജ് വിദ്യാഭ്യാസ വകുപ്പ്
# സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ നടപടിക്രമം

കോളേജ് വിദ്യാഭ്യാസ വകുപ്പ് - ജീവനക്കാര്യം - ഹെഡ് അക്കൗണ്ടന്റുമാരുടെ സ്ഥാനക്കയറ്റം - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ഉത്തരവ് നം.സി** 2/3716/2014/**കോവി.വ** **തീയതി : 06.01.2015**

---

*പരാമർശം:- 1) 11.11.2014 തീയതിയിലെ ഇതേ നമ്പർ ഉത്തരവ്.*
*2) 26.11.2014ലെ സർക്കാർ ഉത്തരവ് (സാധാരണ) നമ്പർ 2809/2014/ഉ.വി.വ.*

## ഉത്തരവ്

കോളേജ് വിദ്യാഭ്യാസ വകുപ്പിൽ ഹെഡ് അക്കൗണ്ടന്റുമാരുടെ താഴെപ്പറയുന്ന ഒഴിവുകളുണ്ട്.

| ക്രമ നം | ഒഴിവ് നിലവിലുള്ള സ്ഥാപനം | സ്വഭാവം |
|---|---|---|
| 1 | കെ.എം.എം. സർക്കാർ വനിതാ കോളേജ്, കണ്ണൂർ. | ഹെഡ് അക്കൗണ്ടന്റ്, ശ്രീ. ഡി. ആർ.അനിലിന് സ്ഥലം മാറ്റം നൽകിയ ഒഴിവ്. |
| 2 | സർക്കാർ ആർട്സ് & സയൻസ് കോളേജ്, ബാലുശ്ശേരി. | ഹെഡ് അക്കൗണ്ടന്റ്, ശ്രീ. എ അബ്ദുൾ ജലീലിന് സ്ഥലം മാറ്റം നൽകിയ ഒഴിവ്. |
| 3 | സർക്കാർ ബ്രണ്ണൻ കോളേജ്, തലശ്ശേരി. | ഹെഡ് അക്കൗണ്ടന്റ്, ശ്രീ. കെ. അജിത്കുമാറിന് സ്ഥലം മാറ്റം നൽകിയ ഒഴിവ്. |
| 4 | സർക്കാർ കോളേജ്, അട്ടപ്പാടി. | ഹെഡ് അക്കൗണ്ടന്റ്, ശ്രീ. എം. പ്രദീപിന് സ്ഥലം മാറ്റം നൽകിയ ഒഴിവ്. |
| 5 | സർക്കാർ കോളേജ്, മൊകേരി. | ഹെഡ് അക്കൗണ്ടന്റ്, ശ്രീ. കെ.ഡി. ദേവസ്യയ്ക്ക് സ്ഥലം മാറ്റം നൽകിയ ഒഴിവ്. |

മേൽ സൂചിപ്പിച്ച ഹെഡ് അക്കൗണ്ടന്റ് തസ്തികകളിൽ നിയമനം നടത്തുന്നതിനായി താഴെപ്പറയുന്ന സീനിയർ ക്ലാർക്കുമാരെ അവരുടെ മുൻഗണനാക്രമമനുസരിച്ച് ₹ 14620 - 25280 ശമ്പള സ്കെയിലിൽ ഹെഡ് അക്കൗണ്ടന്റുമാരായി സ്ഥാനക്കയറ്റം നൽകി നിയമിച്ച് ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 1 | ശ്രീ. സുമേഷ്. പി.വി<br>സീനിയർ ക്ലാർക്ക്<br>കെ.എം.എം സർക്കാർ വനിതാ കോളേജ്, കണ്ണൂർ | ഹെഡ് അക്കൗണ്ടന്റ്,<br>കെ.എം.എം. സർക്കാർ വനിതാ കോളേജ്, കണ്ണൂർ.<br>(ഹെഡ് അക്കൗണ്ടന്റ് ഡി. ആർ അനിലിന് സ്ഥലം മാറ്റം നൽകുന്ന ഒഴിവിൽ) |

01.01.2006 മുതൽ 30.11.2007 വരെയുള്ള കാലയളവിലെ യു.ഡി ക്ലാർക്കുമാരുടെ അന്തിമ മുൻഗണനാ പട്ടികയിൽ 44-ാം പേരുകാരനായ കോഴിക്കോട്, ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ സീനിയർ ക്ലാർക്ക് ശ്രീ. വി.വി. ഗിരീഷിനെതിരേ KCS (CCA) Rules 1960 പ്രകാരം വകുപ്പുതല അച്ചടക്ക നടപടി ആരംഭിച്ച് കുറ്റപത്രം നൽകിയിരിക്കുകയാണ്. ആൾമാറാട്ടം നടത്തി 01.07.2008ൽ നടന്ന പി.എസ്.സിയുടെ ഡിപ്പാർട്ട്മെന്റൽ പരീക്ഷ എഴുതിയതായി പി.എസ്.സി വിജിലൻസ് ആന്റ് സെക്യൂരിറ്റി ഓഫീസർ റിപ്പോർട്ട് നൽകിയതിന്റെ അടിസ്ഥാനത്തിൽ ശ്രീ.വി.വി.ഗിരീഷിനെതിരേ മൂവാറ്റുപുഴ പോലീസ്, ക്രൈം 608/09 U/S 419 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്യുകയും പ്രസ്തുത കേസ് മുവാറ്റുപുഴ ജുഡീഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ വിചാരണയിലുമാണ്. ഈ വകുപ്പിലെ മറ്റൊരു ഉദ്യോഗസ്ഥനു വേണ്ടി ആൾമാറാട്ടം നടത്തി പി.എസ്.സിയുടെ ഡിപ്പാർട്ട്മെന്റൽ പരീക്ഷയിൽ പങ്കെടുത്ത് പി.എസ്.സി വിജിലൻസ്

പിടിക്കുകയും ക്രിമിനൽ കേസായി വിചാരണ നേരിടുകയും ഗുരുതരമായ അച്ചടക്ക നടപടിക്ക് Memo of Charges നൽകി അതിൽ നടപടി നേരിടുകയും ചെയ്യുന്ന ഉദ്യോഗസ്ഥന് സ്ഥാനക്കയറ്റം നൽകുന്നത് ഉദ്യോഗസ്ഥരുടെ ഇടയിൽ തെറ്റായ സന്ദേശമായി കരുതപ്പെടും. അത് ഉദ്യോഗസ്ഥരുടെ മനോവീര്യം തകർക്കുകയും യോഗ്യതയ്ക്കും സത്യസന്ധതയ്ക്കും പരിഗണന ഇല്ല എന്ന തോന്നൽ ഉണ്ടാകുകയും ചെയ്യും. അത്തരം സാഹചര്യം ഒഴിവാക്കപ്പെടേണ്ടതാണ്. അതിനാൽ അച്ചടക്ക നടപടി തീർപ്പാക്കുന്നതുവരെ / കുറ്റവിമുക്തനാക്കുന്നതുവരെ KS &SS Rule 28 b (ii) പ്രകാരം ശ്രീ.വി.വി.ഗിരീഷിന്റെ ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്കുള്ള പ്രൊമോഷൻ താൽക്കാലികമായി തടഞ്ഞ് ഉത്തരവാകുന്നു.

തുടർന്നുള്ള 3 ഒഴിവുകളിലേയ്ക്ക് മുൻഗണനാ പട്ടികയിൽ 45,46,47 സ്ഥാനത്തുള്ള ശ്രീ.നസിമുദീൻ.എം, ശ്രീ. അനസ്.വി, ശ്രീമതി. നജീമ.എ എന്നിവർക്കും, ശ്രീ. വി.വി. ഗിരീഷിന്റെ അച്ചടക്കനടപടിയുടെ അന്തിമ തീർപ്പിന് വിധേയമായി, മുൻഗണനാ പട്ടികയിൽ 48-ാം സ്ഥാനത്തുള്ള ശ്രീ. എസ്.രവികുമാറിനും താൽക്കാലികമായി ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു. പരാമർശം രണ്ടിലെ ഉത്തരവ് പ്രകാരം ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം ലഭിച്ചശേഷവും അന്യത്ര സേവനത്തിന് അനുവദിച്ച കാലയളവിൽ പ്രവേശന പരീക്ഷാ കമ്മിഷണറുടെ ഓഫീസിൽ അസിസ്റ്റന്റ് തസ്തികയിൽ ശ്രീ. എസ്. രവികുമാറിന് അന്യത്ര സേവനത്തിൽ തുടരാവുന്നതാണ് എന്ന് സർക്കാർ ഉത്തരവായിട്ടുണ്ട്.

ഈ ഒഴിവിലേയ്ക്ക് മുൻഗണനാ പട്ടികയിൽ 49-ാം സ്ഥാനത്തുള്ള ശ്രീമതി. പി.സുദർശനയ്ക്ക് താൽക്കാലികമായി ഹെഡ് അക്കൗണ്ടന്റ് തസ്തികയിലേയ്ക്ക് സ്ഥാനക്കയറ്റം നൽകി ഉത്തരവാകുന്നു.

| ക്രമ നം. | പേര്, തസ്തിക, ജോലി ചെയ്യുന്ന സ്ഥാപനം | സ്ഥാനക്കയറ്റം നൽകി നിയമിക്കുന്ന സ്ഥാപനം |
|---|---|---|
| 2 | ശ്രീ. നസിമുദീൻ. എം<br>സീനിയർ ക്ലാർക്ക്<br>സർക്കാർ വനിതാ കോളേജ്,<br>തിരുവനന്തപുരം. | ഹെഡ് അക്കൗണ്ടന്റ്,<br>സർക്കാർ ബ്രണ്ണൻ കോളേജ്, തലശ്ശേരി.<br>(ഹെഡ് അക്കൗണ്ടന്റ് ശ്രീ. കെ അജിത് കുമാറിന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) |
| 3 | ശ്രീ. അനസ്. വി,<br>സീനിയർ ക്ലാർക്ക്,<br>ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ് പട്ടാമ്പി | സർക്കാർ കോളേജ്, അട്ടപ്പാടി<br>(ഹെഡ് അക്കൗണ്ടന്റ്, ശ്രീ. എം. പ്രദീപിന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) |
| 4 | ശ്രീമതി. നജീമ. എ,<br>സീനിയർ ക്ലാർക്ക്,<br>സർക്കാർ ലോ കോളേജ്,<br>തിരുവനന്തപുരം. | ഹെഡ് അക്കൗണ്ടന്റ്,<br>സർക്കാർ കോളേജ്, മൊകേരി.<br>(ഹെഡ് അക്കൗണ്ടന്റ്, ശ്രീ. കെ.ഡി. ദേവസ്യയ്ക്ക് , സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) |
| 5 | ശ്രീ. എസ്. രവികുമാർ,<br>സീനിയർ ക്ലാർക്ക്.<br>(അന്യത്ര സേവനം - പ്രവേശന പരീക്ഷാ കമ്മിഷണറുടെ കാര്യാലയം, തിരുവനന്തപുരം) | ഹെഡ് അക്കൗണ്ടന്റായി പ്രൊമോഷൻ നൽകി അന്യത്ര സേവനത്തിൽ തുടരാൻ അനുവദിക്കുന്നു. |

| | | |
|---|---|---|
| 6 | ശ്രീമതി. പി. സുദർശന,<br>സീനിയർ ക്ലാർക്ക്,<br>കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്,<br>തിരുവനന്തപുരം. | ഹെഡ് അക്കൗണ്ടന്റ്<br>സർക്കാർ ആർട്സ് & സയൻസ് കോളേജ്,<br>ബാലുശ്ശേരി.<br>(ഹെഡ് അക്കൗണ്ടന്റ്, ശ്രീ. എ. അബ്ദുൾ ജലീലിന് സ്ഥലം മാറ്റം നൽകിയ ഒഴിവിൽ) |

പ്രൊമോഷൻ ലഭിച്ച ജീവനക്കാർ ഇപ്പോൾ ജോലിചെയ്യുന്ന സ്ഥാപനങ്ങളിൽ നിന്നും പത്ത് ദിവസത്തിനകം വിടുതൽ വാങ്ങി ഈ ഉത്തരവ് പ്രകാരം നിയമനം ലഭിക്കുന്ന സ്ഥാപനങ്ങളിൽ ജോലിയിൽ പ്രവേശിക്കേണ്ടതും പ്രസ്തുത വിവരം ബന്ധപ്പെട്ട സ്ഥാപന മേധാവികൾ ഈ ഓഫീസിൽ അറിയിക്കേണ്ടതുമാണ്.

ഈ ഉത്തരവ് കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ (www.collegiateedu.kerala.gov.in) ലഭ്യമാണ്.

ഒപ്പ്/-
പി.ജയരാജ്
**സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ**

ബന്ധപ്പെട്ട ജീവനക്കാർക്ക്

<u>പകർപ്പ്:-</u>

1) പ്രവേശന പരീക്ഷാ കമ്മീഷണർ, തിരുവനന്തപുരം.
2) പ്രിൻസിപ്പൽ, കെ.എം.എം. സർക്കാർ വനിതാ കോളേജ്, കണ്ണൂർ; സർക്കാർ വനിതാ കോളേജ്, തിരുവനന്തപുരം; സർക്കാർ ബ്രണ്ണൻ കോളേജ്, ധർമ്മടം, തലശ്ശേരി; ശ്രീ നീലകണ്ഠ സർക്കാർ സംസ്കൃത കോളേജ്, പട്ടാമ്പി; സർക്കാർ കോളേജ്, അട്ടപ്പാടി; സർക്കാർ കോളേജ്, മൊകേരി; സർക്കാർ ആർട്സ് & സയൻസ് കോളേജ് , ബാലുശ്ശേരി; സർക്കാർ ആർട്സ്& സയൻസ് കോളേജ്, കോഴിക്കോട്.
3) സി.എ - ഡയറക്ടർ/ സീനിയർ എ.ഒ/ സീനിയർ എ.എ.
4) സൂപ്രണ്ട് സി സെക്ഷൻ, ജെ സെക്ഷൻ
5) സി5 സീറ്റ്
6) കരുതൽ ഫയൽ.
7) നടപ്പ് ഫയൽ.

//അംഗീകാരത്തോടെ//

സൂപ്രണ്ട്